# ദേവമാത
# എ-എൽ-പി-എസ്

## സ്കൂൾ തല
## അക്കാദമിക്
## മാസ്റ്റർ പ്ലാൻ

## 2025-26

## ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ.
- പദ്ധതി വിശദാംശങ്ങൾ

# ദേവമാതാ എ.എൽ.പി സ്കൂൾ അമ്പലവയൽ ... 

## അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : ദേവമാതാ എ.എൽ.പി.എസ് അരിഞ്ചേർമല
2. വിലാസം : അരിഞ്ചേർമല പി.ഒ പുൽപ്പള്ളി. വയനാട്
3. ഫോൺ നമ്പർ : 9745129119
4. ഇ.മെയിൽ : devamathaalps@gmail.com
5. സ്കൂൾ കോഡ് : 15339
6. വിദ്യാഭ്യാസ ഉപജില്ല : സുൽത്താൻ ബത്തേരി.
7. വിദ്യാഭ്യാസ ജില്ല : വയനാട്.
8. റവന്യു ജില്ല. : വയനാട്
9. ബി. ആർ. സി. : ബത്തേരി
10. സി. ആർ. സി. : വിജയ ഹൈസ്കൂൾ പുൽപ്പള്ളി
11. ഗ്രാമ പഞ്ചായത്ത് : പുൽപ്പള്ളി.
12. ബ്ലോക്ക് പഞ്ചായത്ത് : പനമരം
13. ജില്ലാ പഞ്ചായത്ത് : വയനാട്
14. നിയമസഭാ മണ്ഡലം : ബത്തേരി.
15. ലോക്സഭാ മണ്ഡലം : വയനാട്
16. താലൂക്ക് : ബത്തേരി.
17. വില്ലേജ് : പാടിച്ചിറ.

## ആമുഖം:

മലബാർ മേഖലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നാണ് അടിക്കൊല്ലി ദേവമാതാ എ.എൽ.പി. സ്കൂൾ. അക്കാദമിക- അക്കാദമികേതര പ്രവർത്തനങ്ങളിൽ ബത്തേരി ഉപജില്ലയിലെ വിദ്യാലയങ്ങൾക്ക് ഒരു മികച്ച മാതൃകയാണ്. ഇന്ന് പ്രീ-പ്രൈമറി മുതൽ നാലാം തരം വരെ 217 കുട്ടികളും 11 അധ്യാപകരും ഈ വിദ്യാലയത്തിലുണ്ട്. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ അധ്യയനം നടത്തി വരുന്നു.

## ലക്ഷ്യങ്ങൾ:

1* മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ശാസ്ത്രീയ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2.* അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.

3 * എൽ.കെ.ജി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

4 * അദ്ധ്യാപനവും അധ്യയനവും സർഗാത്മകവും ആസ്വാദ്യമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിന്റെ ചരിത്രം

അടിക്കൊല്ലി പ്രദേശത്തിന്റെ സ്വപ്ന സാക്ഷാത്കാരമായി 1982ൽ ദേവമാതാ എ.എൽ.പി. സ്കൂൾ ഔദ്യോഗികമായി നിലവിൽ വന്നു. സ്കൂൾ മാനേജർ ബഹു. മാത്യു പൈക്കാടച്ചന്റെ ഹെഡ്മിസ്ട്രസ് സി. മേരി ബെർത്തായുടെയും അധ്യാപകരുടെയും അഭ്യുദയകാംക്ഷികളായ നാട്ടുകാരുടെയും പ്രയത്ന ഫലമായി അടിക്കൊല്ലിയുടെ തിലകക്കുറിയായി ഈ വിദ്യാലയം നാൾക്കുനാൾ വളർന്നു വന്നു.

സ്കൂളിന്റെ ആരംഭകാലം മുതൽ എല്ലാ വർഷവും തന്നെ മികവുറ്റ കുട്ടികൾക്ക് എൽ.എസ്.എസ്. സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്. കലാകായിക മേഖലകളിലും ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേഖലകളിലും ഉപജില്ലാ തലങ്ങളിൽ ഉന്നത വിജയവും ട്രോഫികളും ലഭിച്ചിട്ടുണ്ട്.

ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുടെയും പഠനനിലവാരം ഉയർത്തുന്നതോടൊപ്പം ഉന്നത നിലവാരമുള്ള കുട്ടികൾക്ക് കൂടുതൽ പരിശീലനവും ശ്രദ്ധയും നൽകുക എന്നതുമാണ് ഈ സ്കൂളിന്റെ ലക്ഷ്യം. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഞങ്ങളുടെ സ്കൂളിലെ അധ്യാപകരുടെയും രക്ഷിതാക്കളുടെയും മാനേജ്മെന്റിന്റെയും ഹെഡ്മാസ്റ്റർ അലക്സ് മാത്യുവിന്റെയും നേതൃത്വം സഹായകരമാകുന്നു.

> മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ
കാലം, ചുമതല, സാമ്പത്തിക വിശകലനം.

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസുവരെ വിവിധ ക്ലാസുകളിലായി 217 പഠിതാക്കളുണ്ട്. L.S.S. പൊതുപരീക്ഷയിലും മറ്റു വിദ്യാലയങ്ങളെ അപേക്ഷിച്ച് വിജയശതമാനത്തിൽ ബഹുദൂരം മുന്നിലാവാൻ സാധിച്ചിട്ടുണ്ട്. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ സാന്നിധ്യമറിയിച്ച നിരവധി പേർ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

> വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

* പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ തത്പരത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

* മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ

* സാമൂഹികമായും സാമ്പത്തികമായും പാർശ്വവത്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

★ ലോകത്തെവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനെക്കാൾ മികവാർന്ന ശേഷികൾ ധാരണകളും ഓരോ ക്ലാസിലെയും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കുക.

## ➢ പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി.ടി.എ യോഗം എന്നിവയിലൂടെ അക്കാദമിക മാസ്റ്റർപ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

2. അക്കാദമിക ആവശ്യങ്ങൾക്ക് ക്ലാസ് - വിഷയം അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, എസ്റ്റിമേറ്റ്-തുക, കാലയളവ്, പ്രവർത്തനം നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ.

3. കരട് രൂപരേഖ, എസ്.ആർ.ജി, SMC, പി.ടി.എ. എം.പി.ടി.എ, സ്റ്റാഫ് കൗൺസിൽ എന്നിവർക്ക് മുൻപിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. Staff council ന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക മാസ്റ്റർപ്ലാൻ തയാറാക്കൽ.

## » മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ.

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനപരിപോഷണം
* ശാസ്ത്ര പോഷണ പരിപാടി.
* വായനാ പരിപോഷണ പരിപാടി.
* ലബോറട്ടറി ആധുനികവത്കരിക്കൽ.
* ഹിന്ദി പോഷണ പരിപാടി.
* നാടകക്കളരി
* ജൈവവൈവിധ്യ പാർക്ക്.
* സാഹിത്യപോഷണ പരിപാടികൾ
* പഠനയാത്രകൾ.
* സെമിനാറുകൾ
* കലാ കായിക മേള.
* ഐ.ടി. പരിശീലനം
* അധ്യാപക ശാക്തീകരണ പരിപാടികൾ.
* ക്ലാസ് പി.ടി.എ സജീവമാക്കൽ.
* സ്കൂൾ പത്രം / മാസിക.

* പ്രവൃത്തിപരിചയ പഠനം
* ഒന്നാം ക്ലാസ് ഒന്നാം തരം
* എസ്. ആർ. ജി. ശാക്തീകരണം
* ശാസ്ത്രാഭിരുചി വളർത്തൽ.
* പച്ചക്കറിത്തോട്ടം
* അഭിമുഖങ്ങൾ
* മെഡിക്കൽ ക്യാമ്പ്
* പോഷകാഹാര പരിപാടി
* ഗണിത ലാബ്
* ഭാഷാ ലാബ്
* യോഗ
* ടേം മൂല്യനിർണയം, നിരന്തര വിലയിരുത്തൽ.
* ദിനാചരണങ്ങൾ
* കായിക പഠനം.
* ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

| Sl No. | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | പങ്കാളിത്തം | കാലയളവ് |
|---|---|---|---|---|---|
| 1. | അക്ഷരജ്യോതി | • വായിക്കാനും എഴുതാനും അറിയാത്ത 2,3,4 ക്ലാസിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം. അക്ഷരക്കാർഡ് അക്ഷരചിത്രം അക്ഷരപ്പാട്ട് അക്ഷര കഥകൾ പദചാർട്ടുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വൈവിധ്യ പൂർണ്ണ പ്രവർത്തനങ്ങൾ | | 2025 - 2026 |
| 2. | വായനച്ചെപ്പ് | നന്നായി വായിക്കാനും എഴുതാനും അറിയുന്ന കുട്ടികൾക്കായി ഒരുക്കുന്ന പ്രവർത്തനം. ലൈബ്രറി പുസ്തകങ്ങൾ നൽകി പുസ്തകചർച്ച, കവിത, കഥ അവതരണം നടത്തി കുറിപ്പ് തയ്യാറാക്കുക. | വാക്യ കാർഡുകൾ നൽകി വാക്യതലത്തിലെ വായന, ഇഷ്ടമുള്ള പുസ്തകങ്ങളെടുത്ത് ക്ലാസ്സിൽ വായന ചർച്ച, പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ ബാലസഭയിൽ അവതരിപ്പിക്കൽ. കഥ നാടകം, കവിത മുതലായവ സർഗവേളയിൽ അവതരിപ്പിക്കൽ | | 2025 - 2026 |
| 3. | അറിവുത്സവം | പത്രവാർത്തകൾ ആനുകാലികങ്ങൾ വായിച്ച് അറിവ് നേടുക. ക്വിസ് മത്സരങ്ങൾ, L.S.S. പരീക്ഷകളിൽ ഉന്നത വിജയം നേടുക. | ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തൽ, പത്ര ക്വിസ്, വാർത്ത പതിപ്പ് തയ്യാറാക്കൽ. ക്വിസ് മത്സരങ്ങൾ നടത്തി പുസ്തകത്തിലെഴുതൽ. | | 2025-2026 |
| | | | | | |

| Sl. No | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് | കാലയളവ് |
|---|---|---|---|---|---|
| 4 | ഗണിതമേള | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ എളുപ്പമാക്കുന്നതിനും അളവു തൂക്കങ്ങൾ തിരിച്ചറിയുന്നതിനുമുള്ള കൂടുതൽ അവസരങ്ങൾ | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനായി മൂർത്ത വസ്തുക്കൾ ചിത്രങ്ങൾ ഉപയോഗിച്ച് അളവുതൂക്കം പരിചയപ്പെടൽ. നീളമളക്കൽ, ഭാരമളക്കൽ, കളിചന്ത തുടങ്ങി വൈവിധ്യമാർന്ന ഗ്രൂപ്പ് പ്രവർത്തനങ്ങൾ നടത്തുന്നു. | 5000 | 2025 - 2026 |
| 5. | Spoken English Programme | കമ്പ്യൂട്ടർ സഹായത്തോടെ നടപ്പാക്കപ്പെടുന്ന പ്രത്യേക പരിപാടി. ഇംഗ്ലീഷ് സംസാരം കേൾക്കാനും പറയാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു | കമ്പ്യൂട്ടർ സഹായത്തോടെ പാഠഭാഗങ്ങൾ ഒരുക്കൽ. സ്പോക്കൺ ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്ന പരിപാടി ഡ്രാമ, roleplay പ്രവർത്തനങ്ങൾ | 2000 | 2025 - 2026 |
| 6. | ശാസ്ത്ര കൗതുകം | പരിസ്ഥിതി സംരക്ഷണ-ശാസ്ത്ര കഴിവുകൾ നിരീക്ഷണം, പരീക്ഷണം തുടങ്ങിയവ വികസിപ്പിക്കുന്നു. | പരിസര പഠന ലേഖനങ്ങൾ ശേഖരിക്കുന്നതും ആഴ്ചയിൽ ഒരു പരീക്ഷണം തയ്യാറാക്കി ടീച്ചർ അവതരിപ്പിക്കൽ. പരിസര നിരീക്ഷണം, അടുക്കള. ശുചീകരണ പ്രവർത്തനങ്ങൾ പരിസ്ഥിതി സംരക്ഷണങ്ങൾ. | | |
| 7. | പോഷണം | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനും നാടൻ വിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കാനുമുള്ള പദ്ധതി | കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം, അമ്മമാരുടെ സഹായത്തോടെ ആഴ്ചയിൽ ഒരിക്കൽ നാടൻ വിഭവങ്ങൾ ഒരുക്കി നൽകൽ. നാടൻ വിഭ- | | |

| Sl.No | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് | കാലയളവ് |
|---|---|---|---|---|---|
| | | | വങ്ങൾ പ്രദർശനം ക്ലാസുംവഴി ഉത്പാ-യത്ത് സഹായത്തോടെ ചെയ്യുന്നു. | 5000 | 2025 2026 |
| 8. | മസ്റ്റ്‌ഡേൽ മാനസികാരോഗ്യ പരിശീലനം | ആഴ്ചയിൽ ഒരിക്കൽ മസ്റ്റ്‌ഡേയിൽ കൗൺസിലിംഗ് ക്ലാസുകൾ തുടങ്ങിയവയിലൂടെ മാനസികാരോഗ്യവും കായിക ക്ഷമതയും വർദ്ധിപ്പിക്കുക. | അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ക്ലാസിനും മസ്റ്റ്‌ഡേയിൽ കളി പരിശീലനം (നാടൻ കളികൾ) കായിക ക്യാംപ് സംഘടിപ്പിക്കൽ | | |

## ഉപസംഹാരം

പുതിയ കാലം പൊതു ഇടങ്ങളെ അപ്രസക്തമാക്കുന്ന രീതിയിലേക്ക് മാറി കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ ഏറ്റവും വലിയ പൊതു ഇടവും പൊതുസ്ഥലവും വിദ്യാലയമാണ് മനുഷ്യത്വം സൃഷ്ടിക്കപ്പെടേണ്ട വിദ്യാഭ്യാസ ലോകം ഇന്ന് തീർത്തും മാറികഴിഞ്ഞിരിക്കുന്നു. ഈ അവസ്ഥയെ സ്ഥായിയായി മാറ്റാനുള്ള പ്രായോഗിക പ്രവർത്തനമാണ് കേരള ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതി. കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാകുന്ന ഓർമ്മ പദ്ധതിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.